പറഞ്ഞു. അങ്ങനെയാണെങ്കിൽ തെറ്റായ നടപടി ക്രമങ്ങൾക്ക് മുൻകൈയെടുക്കുകയും അതിൽ ഉൾക്കൊള്ളുകയും ഗൂഢാലോചന നടത്തുകയും ചെയ്ത ആളുകളുടെ പേരിൽ എന്തുതരം കേസെടുത്തു? എന്തുതരം നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ട് പോയിട്ടുള്ളത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തെ പറഞ്ഞു; മൂന്നു വിധത്തിലുള്ള അന്വേഷണമാണ് നടന്നിട്ടുള്ളതെന്ന്. വനംവകുപ്പും അന്വേഷണം നടത്തി എത്തിച്ചേർന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളും വനംവകുപ്പ് ചെയ്തുകഴിഞ്ഞു. രണ്ടാമതു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തി. ആ അന്വേഷണത്തിന്റെ തെളിവിന്റെ അടിസ്ഥാനത്തിൽ സബ്രജിസ്ട്രാറുടെ പേരിൽ നടപടിയെടുത്തു. മൂന്നാമത് ജില്ലാ കളക്ടർ ഈ സംഭവവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ചു. ഇതിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ, ഇതിന് ഉത്തരവാദികളായ ആളുകളാര്, എങ്ങനെ ഈ സംഭവം നടന്നു, എന്താണ് ഇതിന്റെ പ്രേരകശക്തി തുടങ്ങിയ എല്ലാവശങ്ങളെക്കുറിച്ചും വിശദമായി അന്വേഷിച്ചിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ട് പഠിച്ചുകൊണ്ടിരിക്കുന്നു. ആ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ ശുപാർശകളും നിയമാനുസൃതം അക്ഷരംപ്രതി നടപ്പിലാക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുനരധിവാസ പദ്ധതിപ്രകാരം ദുർബ്ബല വിഭാഗങ്ങൾക്കു വേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതി

* 70 [71] ഡോ. കെ. സി. ജോസഫ്:

ശ്രീ. പി.സി.ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ പദ്ധതിപ്രകാരം കേരളത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി എത്ര വീടുകൾ നിർമ്മിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള വീടുകൾ ഇതിൽ പെടുമോ; പെടുമെങ്കിൽ എത്ര;

(സി) ഈ വീടുകളുടെ നിർമ്മാണം ഏതു ഘട്ടത്തിൽ ഇരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വീടുകൾക്കുള്ള അപേക്ഷകൾ എന്നാണ് അന്തിമമായി സ്വീകരിച്ചത് എന്നും അതിൻമേൽ എന്തു തീരുമാനമെടുത്തെന്നും വ്യക്തമാക്കുമോ;

(ഇ) ഈ വീടുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഒരു ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷകരിൽ മൽസ്യത്തൊഴിലാളികളും ഉണ്ട്. അവർക്കുള്ള എണ്ണം പ്രത്യേകമായി നിശ്ചയിച്ചിട്ടില്ല. ഇതിനുപുറമേ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യഫെഡ് മുഖേന 10,000 വീടുകളും നിർമ്മിക്കുന്നുണ്ട്.

(സി) 83166 അപേക്ഷകർ തറ തീർന്നതായി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ 34421 പേർ കൂരമട്ടംവരെ തീർന്നതായി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. നിർമ്മാണം തീർന്ന വീടുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) അപേക്ഷകൾ 1986 ജനുവരി അവസാനംവരെ സ്വീകരിക്കുവാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ആ സമയത്തിനുള്ളിൽ അതാത് ജില്ലയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം എത്താൻ സാധിക്കാത്ത ജില്ലകളിൽ അതുകഴിഞ്ഞും അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ അനുവദനീയമായ അപേക്ഷകൾ മുൻഗണനാക്രമമനുസരിച്ച് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

(ഇ) 1986 സെപ്റ്റംബർ 30-ാം തീയതിക്കുള്ളിൽ പണി തീർക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു ലഭിച്ച സംഖ്യ

*71 [72] ശ്രീ. കെ. ഇ. ഇസ്മയിൽ:

,, കെ. പി. പ്രഭാകരൻ:

,, ജി. കാർത്തികേയൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച സംഖ്യ എത്ര;

(ബി) ഓരോ ഇനത്തിലും അനുവദിക്കപ്പെട്ട സംഖ്യ എത്രയെന്നും ചെലവാക്കിയ സംഖ്യ എത്രയെന്നും വ്യക്തമാക്കാമോ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് 1985 ജൂലൈയ്ക്കു ശേഷം കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ നൽകി;

(ഡി) സംസ്ഥാന ഗവൺമെന്റ് സഞ്ചിത നിധിയിൽനിന്നും എത്ര കോടിരൂപ ഇതിലേയ്ക്ക് എടുത്തു;

(ഇ) ഏതെല്ലാം വകുപ്പുകൾ വഴിയാണ് ഈ സംഖ്യ ചെലവഴിച്ചതെന്നും, ഓരോ വകുപ്പും ഓരോ ജില്ലയിലും ചെലവഴിച്ച സംഖ്യ എത്ര വീതമാണെന്നും വിശദമാക്കാമോ;

(എഫ്) ഈ ഇനത്തിൽ തുക ലാപ്സാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഏതെല്ലാം ഇനത്തിൽ എത്ര സംഖ്യയ്ക്കാണ് എ. ജി. യിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly